# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 444 27.02.2018- ൽ മറുപടിക്ക്**

**ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ), ബി) & സി | ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് ഇപ്പോൾ കേന്ദ്രസർക്കാരിന്റെ ഏറ്റമാനൂരിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കീഴിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സംസ്ഥാന തലത്തിലുള്ള എന്തെങ്കിലും പ്രവർത്തനം നടത്താൻ കഴിയൂ. 1 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള ടൂൾ റൂം, കോ-ഓർഡിനേഷൻ ഓഫീസ് (വികസന ഇൻസ്റ്റിറ്റ്യൂട്ട്) എന്നീ രണ്ട് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. |
| ബി) | പുനഃപ്രവർത്തനത്തിന് നിലവിൽ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ വിശദമാക്കുമോ ; | | |
| സി) | എത്ര തുകയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ